പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6526 — 03.04.2018 ന് മറുപടിയ്ക്ക്.

## സർക്കാർ ഐ.ടി.ഐ.കൾക്ക് ഭൂമി ലഭ്യമാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ : | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2006-2011 കാലയളവിലെ സർക്കാർ പ്രഖ്യാപിച്ച് പ്രവർത്തനം ആരംഭിച്ച സർക്കാർ ഐ.ടി.ഐ. കളിൽ സ്വന്തമായി ഭൂമി, കെട്ടിടം എന്നിവ ലഭിക്കാത്ത എത്രസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; | (എ) 2006-2011 കാലയളവിൽ വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ച 39 സർക്കാർ ഐ.ടി.ഐ കളിൽ 8 എണ്ണത്തിന് സ്വന്തമായി ഭൂമി, കെട്ടിടം എന്നിവ ലഭ്യമായിട്ടില്ല. |
| (ബി) ഇവയിൽ വയനാട് ജില്ലയിൽ നിന്നുള്ള ഏതെങ്കിലും സ്ഥാപനം ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഭൂമി ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) ഉണ്ട്. വയനാട് ജില്ലയിലെ നെൻമേനി (വനിത) ഐ.ടി.ഐ സ്ഥാപിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടില്ല.<br>ഐ.ടി.ഐ സ്ഥാപിക്കുന്നതിനായി നെൻമേനി ഗ്രാമപഞ്ചായത്തിൽ സർവ്വെ നമ്പർ 147/27 ഡി-ൽപ്പെട്ട 2 ഏക്കർ സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിന് പഞ്ചായത്തിന് അനുമതി നൽകി സർക്കാർ ഉത്തരവായിരുന്നെങ്കിലും ടി സ്ഥലം കെട്ടിടം നിർമ്മിക്കുന്നതിന് ഉപയുക്തമല്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് ടി സ്ഥലത്തിന് പകരം സ്ഥലം കണ്ടെത്തുന്നതിന് നടപടി പഞ്ചായത്ത് സ്വീകരിച്ചു വരുന്നു. |
| (സി) സ്ഥാപനങ്ങൾക്കായി ഭൂമി ഏറ്റെടുത്ത് നൽകാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം തയ്യാറാകുന്നില്ലെങ്കിൽ സർക്കാർ നേരിട്ട് ഭൂമി വാങ്ങി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഐ.ടി.ഐ സ്ഥാപിക്കുന്നതിന് അനുയോജ്യവും പര്യാപ്തവുമായ സ്ഥലം ലഭ്യമാക്കണമെന്ന നിബന്ധനയിലാണ് സർക്കാർ ഐ.ടി.ഐകൾ അനുവദിച്ചുവരുന്നത്. സർക്കാർ നേരിട്ട് ഭൂമി വാങ്ങി നൽകണമെന്ന ആവശ്യം പരിഗണിക്കാൻ കഴിയില്ല. |
| (ഡി) ഭൂമി ലഭ്യമാക്കുന്ന നടപടികൾ അനിശ്ചിതമായി നീണ്ട് പോകുന്ന സാഹചര്യമുണ്ടെങ്കിൽ ഭൂമി വിട്ട് നൽകാൻ തയ്യാറുള്ള മറ്റ് പഞ്ചായത്തുകളിലേക്ക് സ്ഥാപനം മാറ്റാൻ സർക്കാർ തയ്യാറാകുമോ എന്നറിയിക്കാമോ? | (ഡി) അത്തരത്തിലൊരു ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയം പരിശോധിക്കുന്നതാണ്. |

Bindu

സെക്ഷൻ ഓഫീസർ